

# ആരോഗ്യകേരളം
# അഭിമാന പദ്ധതികൾ

# ആർദ്രം ദൗത്യം

സംസ്ഥാനത്ത് നവകേരള കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ആരോഗ്യമേഖലയിൽ വിപ്ലവകരമായ മാറ്റത്തിന് തുടക്കം കുറിച്ച പദ്ധതിയാണ് ആർദ്രം ദൗത്യം. അടിസ്ഥാന സൗകര്യങ്ങളും സേവനങ്ങളുടെ ഗുണനിലവാരവും മെച്ചപ്പെടുത്തി ജനസൗഹൃദ സേവനങ്ങൾ പ്രദാനം ചെയ്യുക, സർക്കാർ ആരോഗ്യ സ്ഥാപനങ്ങൾ, കമ്മ്യൂണിറ്റി ഔട്ട്റീച്ച് പ്രവർത്തനങ്ങൾ എന്നിവയിലൂടെയുള്ള സേവനങ്ങൾ വിപുലീകരിക്കുക എന്നിവയാണ് ആർദ്രം ദൗത്യത്തിൻറെ ലക്ഷ്യം.

സമഗ്രമായ ആരോഗ്യ സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി കുടുംബാരോഗ്യ കേന്ദ്രങ്ങളും ജനകീയ ആരോഗ്യ കേന്ദ്രങ്ങളും, ഡയാലിസിസ് യൂണിറ്റുകളുള്ള ഉപജില്ലാ ആശുപത്രികളും, കാർഡിയോളജി, സ്ട്രോക്ക് യൂണിറ്റുകളുള്ള ജില്ലാ ആശുപത്രികളും മിഷനിലൂടെ നവീകരിച്ച് വരികയാണ്.

അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിനൊപ്പം മെച്ചപ്പെട്ട ആരോഗ്യ സേവനങ്ങൾ ഏറ്റവും താഴെ തട്ടിലുള്ള ആരോഗ്യ സ്ഥാപനങ്ങളിൽ ഉൾപ്പെടെ ലഭ്യമാകുന്നതിലൂടെ ജനങ്ങളെ പൊതു ആരോഗ്യ സംവിധാനത്തിന്റെ ഭാഗമായി മാറ്റുവാനും മെച്ചപ്പെട്ട ആരോഗ്യ സംസ്കാരം വളർത്തുവാനും സാധിക്കുന്നു.

വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുകൾ നിയന്ത്രിക്കുന്നതിനും എല്ലാവർക്കും ഗുണനിലവാരമുള്ള ചികിത്സ ലഭ്യമാക്കുന്നതിനും പൊതുജനാരോഗ്യ സംരക്ഷണ പ്രവർത്തനങ്ങൾ ബഹുജന പങ്കാളിത്തത്തോടെ ഏറ്റെടുത്ത് നടപ്പാക്കുന്നതിനും ആർദ്രം മിഷൻ ലക്ഷ്യമിടുന്നു



# ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ

കുടുംബങ്ങളുടെ വാതിൽപ്പടിയിൽ സേവനങ്ങൾ നൽകിക്കൊണ്ട് കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയിൽ സുസ്ഥിരമായ മാറ്റം കൊണ്ട് വന്ന സ്ഥാപനങ്ങൾ ആണ് ജനകീയ ആരോഗ്യകേന്ദ്രങ്ങൾ. മിഡ്ലെവൽ കെയർ പ്രൊവൈഡർ, ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ എന്നിവർ ഉൾപ്പെടുന്നതാണ് ജനകീയ ആരോഗ്യകേന്ദ്രത്തിലെ ടീം. ഇവരിലൂടെ ആരോഗ്യസേവനങ്ങൾ താഴേതട്ടിൽ വരെ ലഭ്യമാക്കുന്നു. ഗർഭിണികൾക്കുള്ള സേവനങ്ങൾ, അമ്മയ്ക്കും കുഞ്ഞിനുമുള്ള സേവനങ്ങൾ, പ്രതിരോധ കുത്തിവെപ്പുകൾ, വയോജനങ്ങൾക്കുള്ള സേവനങ്ങൾ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, ബോധവൽക്കരണ ക്ലാസുകൾ ഉൾപ്പെടെ വിവിധ ആരോഗ്യസേവനങ്ങൾ ഈ കേന്ദ്രങ്ങളിലൂടെ നൽകി വരുന്നു. ജനകീയ ആരോഗ്യകേന്ദ്രത്തിന്റെ നേതൃത്വത്തിൽ പ്രവർത്തിക്കുന്ന ജനകീയ ആരോഗ്യക്ലബ്ബുകൾ വഴി വ്യായാമം ഉൾപ്പെടെയുള്ള ജീവിതശൈലി രോഗ പ്രതിരോധ ബോധവൽക്കരണ പ്രവർത്തനങ്ങൾ പൊതുജന പങ്കാളിത്തത്തോടെ നടത്തി വരുന്നു. ഇതിലൂടെ രോഗ ചികിത്സയ്ക്കുള്ള ആരോഗ്യസംവിധാനത്തെ ആരോഗ്യ-സംരക്ഷണ രോഗപ്രതിരോധ കേന്ദ്രങ്ങളായി മാറ്റുന്നു. രാവിലെ മുതൽ വൈകുന്നേരം വരെ ജനകീയ ആരോഗ്യകേന്ദ്രങ്ങളിലെ സേവനം ലഭ്യമാണ്.

കൂടാതെ ശ്വാസകോശ സംബന്ധമായ രോഗങ്ങൾ ഉള്ളവർക്കും ആസ്ത്മ രോഗികൾക്കും ശ്വാസ് പ്രോഗ്രാമിലൂടെ നവീകരിച്ച സേവനങ്ങളും ആശ്വാസ് പ്രോഗ്രാമിലൂടെ വിഷാദരോഗ നിയന്ത്രണവും സമ്പൂർണ മാനസികാരോഗ്യം പ്രോഗ്രാമിലൂടെ സമഗ്രമായ മാനസികാരോഗ്യ പരിരക്ഷയും നൽകുന്നു



# അമ്മമാർക്കുള്ള ആരോഗ്യ പദ്ധതികൾ

## 1. ജനനിശിശു സുരക്ഷ കാര്യക്രമം - JSSK (അമ്മയും കുഞ്ഞും പദ്ധതി)

സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന സ്ത്രീകൾക്ക് ഗർഭകാല പരിരക്ഷയും ആശുപത്രിയിലെ പ്രസവസംബന്ധമായ ചെലവുകളും, കുഞ്ഞിന് ഒരു വയസ്സുവരെയുള്ള ചെലവുകളും സൗജന്യമായി ലഭിക്കുന്ന പദ്ധതി. സിസേറിയൻ ഉൾപ്പെടെയുള്ള പ്രസവ ചികിത്സ, മരുന്ന്, രക്തം ലഭ്യമാക്കൽ, ലബോറട്ടറി പരിശോധനകൾ, സ്കാനിങ് ഉൾപ്പെടെയുള്ള പരിശോധനകൾ. ഗർഭിണികൾക്ക് പ്രസവത്തോടനുബന്ധിച്ച് ആശുപത്രിയിലേക്കും തിരിച്ചും സൗജന്യ യാത്രാസൗകര്യം (മാതൃയാനം എന്ന പേരിൽ നടപ്പിലാക്കുന്നു).

## 2. ജനനി സുരക്ഷയോജന - JSY

മാതൃശിശുമരണ നിരക്ക് കുറയ്ക്കുന്നതിനും ആശുപത്രികളിലെത്തി പ്രസവിക്കുന്നവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുമായി സർക്കാർ ആശുപ്രതികളിലും അംഗീകൃത സ്വകാര്യ ആശുപത്രികളിലും നടപ്പാക്കി വരുന്ന ധനസഹായ പദ്ധതി. സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന ഗ്രാമവാസികളായ സ്ത്രീകൾക്ക് 700 രൂപയും നഗരവാസികളായ സ്ത്രീകൾക്ക് 600 രൂപയുമാണ് ധനസഹായം ലഭിക്കുന്നത്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നേരിട്ട് ധനസഹായം ലഭ്യമാകുന്നു.


ഇതിനായി ആധാർ കാർഡ്, ബാങ്ക് പാസ്ബുക്ക് എന്നിവയുടെ പകർപ്പ് പ്രദേശത്തെ ആശാപ്രവർത്തകരെ മുൻകൂട്ടി ഏൽപിക്കേണ്ടതാണ്.

## 3. അമ്മ മനസ്സ്

ഗർഭിണികൾ, അമ്മമാർ എന്നിവരുടെ മാനസികാരോഗ്യം ഉറപ്പാക്കുന്നതിന് വേണ്ടി നടപ്പിലാക്കുന്ന പരിപാടി. ഇതുവഴി ഗർഭിണികളുടെയും അമ്മമാരുടെയും മാനസ്സിക സമ്മർദ്ദം കുറക്കുന്നതിനും, അവർക്ക് ആവശ്യമായ ഘട്ടങ്ങളിൽ കൗൺസിലിംഗ് ഉൾപ്പെടെയുള്ള സേവനങ്ങൾ, പരിശോധന ചികിത്സ എന്നിവ സൗജന്യമായി ലഭ്യമാക്കുന്നു.



# ശിശുസംരക്ഷണ പദ്ധതികൾ



## 1. ശലഭം സമഗ്ര നവജാതശിശു സ്ക്രീനിംഗ്

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന എല്ലാ കുഞ്ഞുങ്ങൾക്കും നൽകുന്ന ആരോഗ്യ പരിശോധനാ സേവനമാണ് ശലഭം സമഗ്ര നവജാതശിശു സ്ക്രീനിംഗ്. നവജാത ശിശുക്കൾക്ക് എന്തെങ്കിലും വൈകല്യങ്ങൾ / ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടെങ്കിൽ അത് നേരത്തെ കണ്ടുപിടിക്കുന്നതിനും ചികിത്സ ലഭ്യമാക്കുന്നതിനും ഇതുവഴി സാധിക്കുന്നു.

ഇതിന്റെ ഭാഗമായി ലഭ്യമാകുന്ന സൗജന്യ പരിശോധനകൾ

### a. വി.ബി.ഡി സ്ക്രീനിംഗ്

സർക്കാർ ആശുപത്രികളിൽ ജനിക്കുന്ന നവജാത ശിശുക്കളിലെ ജനന വൈകല്യങ്ങൾ കണ്ടുപിടിക്കുവാനുള്ള പരിശോധനയാണിത്. കുഞ്ഞ് ജനിച്ച് 24 മണിക്കൂറിനുള്ളിൽ നവജാത ശിശുവിനെ സ്ക്രീൻ ചെയ്യുകയും പ്രത്യക്ഷത്തിൽ ഏതെങ്കിലും വൈകല്യങ്ങൾ കണ്ടെത്തിയാൽ ശിശുരോഗ വിദഗ്ദ്ധന്റെ ചികിത്സ ലഭ്യമാക്കുകയും ചെയ്യുന്നു.

### b. പൾസ് ഓക്സിമെട്രി സ്ക്രീനിംഗ്/ ഫോക്കസ്ഡ് കാർഡിയാക്ക് ഫിസിക്കൽ സ്ക്രീനിംഗ്



ജന്മനായുള്ള ഗുരുതരമായ ഹൃദ്രോഗം / ശ്വാസകോശ രോഗം നേരത്തെ കണ്ടെത്തുന്നതിനുള്ള പരിശോധനയാണ് പൾസ് ഓക്സിമെട്രി സ്ക്രീനിംഗ്. കുഞ്ഞ് ജനിച്ചു 24 മണിക്കൂറിനും 48 മണിക്കൂറിനും ഇടയിൽ റീഡിംഗുകൾ രേഖപ്പെടുത്തുകയും പരിശോധിക്കുകയും ചെയ്യുന്ന നൂതന സാങ്കേതിക വിദ്യ

ഉപയോഗിച്ചുള്ള പി.ഓ മെഷീൻ മുഖേനയാണ് നവജാത ശിശുവിന് പൾസ് ഓക്സിമെട്രി പരിശോധന നടത്തുന്നത്.
പൾസ് ഓക്സിമെട്രി പരിശോധനയുടെ കൃത്യത ഉറപ്പിക്കുന്നതിനായി കുട്ടിയുടെ കാർഡിയാക് ഫോക്കസ്ഡ് ഫിസിക്കൽ എക്സാമിനേഷൻ കൂടി നടത്തുന്നു
ഈ പരിശോധനയിൽ അപാകതകൾ കണ്ടെത്തുന്ന കുട്ടികൾക്ക് ഹൃദയ വൈകല്യം സ്ഥിരീകരിച്ചാൽ ഹൃദ്യം പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു.

## c. കേൾവി പരിശോധന

### Otoacoustic Emission Screening [OAE]



കുഞ്ഞ് ജനിച്ച് 48 മണിക്കൂറിനുള്ളിൽ OAE മെഷീൻ ഉപയോഗിച്ച് കേൾവി പരിശോധന നടത്തുന്നു. അപാകതകൾ കണ്ടെത്തുന്ന കുട്ടികൾക്ക് DEICകൾ മുഖേന തുടർ ചികിത്സ നടത്തുകയും കേൾവി സഹായികൾ ആവശ്യമായ കുട്ടികൾക്ക് അത് നൽകുകയും ചെയ്യുന്നു. ശ്രുതിതരംഗം പദ്ധതി വഴി കോക്ലിയാർ ഇംപ്ലാന്റ് സർജറികളും നടത്തിവരുന്നു

## d. മെറ്റബോളിക്ക് സ്ക്രീനിംഗ്

കുഞ്ഞിന്റെ ജനിതകപരമോ ഹോർമോൺ സംബന്ധമായതോ ആയ പ്രവർത്തനങ്ങളിലുള്ള അപാകതകൾ കണ്ടെത്തുന്നതിനുള്ള പരിശോധന. ഇതിനായി കുഞ്ഞ് ജനിച്ച് 48 മണിക്കൂറിന് ശേഷം കുട്ടിയുടെ ഉള്ളംകാലിൽനിന്ന് രക്തം ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുന്നു. ഹൈപ്പർ & ഹൈപ്പോ തൈറോയിഡിസം, ഗ്യാലക്ടോസീമിയ, Congenital Adrenal Hyperplasia, G6PD അപര്യാപ്തത എന്നീ പ്രശ്നങ്ങളാണ് ഈ പരിശോധനകളിലൂടെ കണ്ടെത്തുന്നത്.



## 2. ജില്ലാ പ്രാരംഭ ഇടപെടൽ കേന്ദ്രം (DEIC)

കുട്ടികളിൽ ജന്മനാലുള്ള വൈകല്യങ്ങളും, വളർച്ചയിലും വികാസത്തിലുമുള്ള കാലതാമസവും നേരത്തേയുള്ള ഇടപെടലിലൂടെയും തെറാപ്പിയിലൂടെയും പരിഹരിക്കാനും, കുട്ടികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യവും വളർച്ചയും മെച്ചപ്പെടുത്താനും സാധിക്കും. ഇതിനു വേണ്ടി എല്ലാ ജില്ലകളിലെയും പ്രധാന ആശുപത്രിയോട് ചേർന്ന് പ്രവർത്തിക്കുന്ന സ്ഥാപനമാണ് ഡി.ഇ.ഐ.സി.

എല്ലാ ഡി.ഇ.ഐ.സി കേന്ദ്രങ്ങളിലും, ശിശുരോഗ വിദഗ്ദ്ധർ, ഫിസിയോത്തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സൈക്കോളജിസ്റ്റ്, ഒപ്റ്റോമെട്രിസ്റ്റ്, ദന്തൽ സ്പെഷ്യലിസ്റ്റ് തുടങ്ങിയവരുടെ സൗജന്യ സേവനം ലഭ്യമാണ്.

## 5. ഹൃദ്യം

18 വയസ് വരെയുള്ള കുട്ടികളിൽ കണ്ടുവരുന്ന ഹൃദയസംബന്ധമായ രോഗങ്ങൾ സൗജന്യമായി ചികിത്സിക്കുന്നതിനുള്ള പദ്ധതി. പദ്ധതിക്കായി പ്രത്യേകം തയ്യാറാക്കിയ വെബ്സൈറ്റ് ആയ www.hridyam.kerala.gov.inൽ കുട്ടികളുടെ വിവരങ്ങൾ പൊതുജനങ്ങൾക്ക് നേരിട്ടും രജിസ്റ്റർ ചെയ്യാം. തുടർന്ന് കാർഡിയോളോജിസ്റ്റ് ഉൾപ്പെടെയുള്ള വിദഗ്ദ്ധ ഡോക്ടർമാരുടെ സൗജന്യ സേവനവും, തെരഞ്ഞെടുത്ത സർക്കാർസ്വകാര്യ ആശുപത്രികൾ വഴി സൗജന്യ ശസ്ത്രക്രിയയും ലഭ്യമാക്കുന്നു. ശസ്ത്രക്രിയ കഴിഞ്ഞ കുട്ടികൾക്ക് തുടർ ചികിത്സാ സേവനങ്ങൾ ഡി.ഇ.ഐ.സികൾ മുഖേനയും, ഫീൽഡ് തലത്തിൽ ആർ.ബി.എസ്.കെ നേഴ്സുമാർ മുഖേനയും ഉറപ്പാക്കി വരുന്നു.





## 6. എഫ്.ബി.എൻ.സി സേവനം

തെരഞ്ഞെടുത്ത 25 ആശുപത്രികളിൽ സിക്ക് ന്യുബോൺ കെയർ യൂണിറ്റും, 68 ആശുപത്രികളിൽ ന്യുബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റുകളും , എല്ലാ സർക്കാർ ഡെലിവറി പോയിന്റുകളിലും ന്യുബോൺ കെയർ കോർണറുകളും നവജാത ശിശു പരിചരണം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രവർത്തിച്ചു വരുന്നു. ശിശുമരണ നിരക്ക് കുറയ്ക്കുന്നതിൽ ഈ സേവനങ്ങൾ നിർണ്ണായക പങ്കാണ് വഹിച്ചിട്ടുള്ളത്

## 9. ആശാധാര പദ്ധതി

ഹീമോഫീലിയ, സിക്കിൾസെൽ അനീമിയ, തലാസ്സീമിയ തുടങ്ങിയ രോഗങ്ങളുടെ ചികിത്സ സർക്കാർ ആശുപത്രികൾ വഴി ഉറപ്പാക്കുന്നതിനാണ് പദ്ധതി ലക്ഷ്യം വയ്ക്കുന്നത്. രോഗികളായ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് മുൻകരുതൽ ചികിത്സ നൽകുന്നു. കൂടാതെ മുതിർന്നവർക്ക് രക്തസ്രാവം ഉണ്ടാകുന്ന മുറയ്ക്ക് അവരുടെ ആവശ്യകത അനുസരിച്ച് ചികിത്സാ മാർഗനിർദ്ദേശപ്രകാരം സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയും ലഭ്യമാക്കുന്നു 96 കേന്ദ്രങ്ങളിൽ നിലവിൽ ചികിത്സ സൗകര്യം ലഭ്യമാണ്. രക്തസ്രാവം ഉണ്ടാവുകയോ സംശയിക്കുകയോ ചെയ്യുന്ന രോഗി തെരഞ്ഞെടുക്കപ്പെട്ട താലൂക്ക് ജില്ലാതല ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ എത്തുന്നമുറയ്ക്ക് അടിയന്തിരമായി ചികിത്സ നൽകാനുള്ള സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

## 10. ക്ലബ് ഫൂട്ട് ക്ലിനിക്ക്

കുട്ടികൾക്ക് ജന്മനാ കാലുകൾക്ക് ഉണ്ടാകുന്ന ഒരു വൈകല്യമാണ് ക്ലബ് ഫൂട്ട്. ഈ വൈകല്യമുള്ള കുട്ടികളിൽ കാലിന്റെ പാദം ഉള്ളിലേക്ക് മടങ്ങിയിരിക്കും. ജനിച്ചയുടൻ ചികിത്സ തുടങ്ങാൻ സാധിച്ചാൽ 5 വയസ്സിനകം കുട്ടിയുടെ കാലിന്റെ രൂപം സാധാരണ നിലയിലേക്കെത്തിക്കാനാകും. ഇതിന്റെ ഭാഗമായി പ്രത്യേക പരിശീലനം ലഭിച്ച ഓർത്തോപീഡിക് സർജന്മാരുടെ നേതൃത്വത്തിൽ എല്ലാ ജില്ലകളിലും ക്ലബ്ബ് ഫൂട്ട് ക്ലിനിക്കുകൾ പ്രവർത്തിച്ചു വരുന്നു.

## 11. വിവ കേരളം (വിളർച്ചയിൽ നിന്നും വളർച്ചയിലേക്ക് )

സ്ത്രീകളിലും കൗമാരക്കാരായ പെൺകുട്ടികളിലും അനീമിയ പരിശോധന നടത്തി വിളർച്ചയില്ലെന്ന് ഉറപ്പാക്കുന്ന പരിപാടിയാണ് വിവ കേരളം. ഇതിന്റെ ഭാഗമായി 15 വയസു മുതൽ 59 വയസു വരെയുള്ള എല്ലാ സ്ത്രീകളിലും/ പെൺകുട്ടികളും രക്ത പരിശോധന നടത്തുകയും അനീമിയ ഇല്ലെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. വിളർച്ച കണ്ടെത്തുന്നവർക്ക് അവശ്യമായ ചികിത്സയും ഈ പരിപാടിയുടെ ഭാഗമായി ഉറപ്പാക്കുന്നു.

## 12. വീക്കിലി അയൺ ഫോളിക് ആസിഡ് സപ്ലിമെന്റേഷൻ പ്രോഗ്രാം (WIFS)

6-ാം ക്ലാസ്സ് മുതൽ 12-ാം ക്ലാസ്സ് വരെയുള്ള കൗമാരപ്രായക്കാരിലെ രക്തത്തിലെ ഇരുമ്പിന്റെ അഭാവം പരിഹരിക്കുന്നതിനായി ആഴ്ച്ചയിൽ ഒരു ദിവസം (എല്ലാ തിങ്കളാഴ്ചയും) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് നീല നിറത്തിലുള്ള അയൺ ഗുളികകൾ നൽകുന്നു.

## 13. കൗമാര സൗഹൃദ ആരോഗ്യ കേന്ദ്രങ്ങൾ.

കൗമാരക്കാരായ കുട്ടികളുടെ മാനസികവും ശാരീരികവുമായ ഉന്നമനവും സുസ്ഥിതിയും ലക്ഷ്യം വെച്ചു പ്രവർത്തിക്കുന്ന ആരോഗ്യകേന്ദ്രമാണ് കൗമാര സൗഹൃദ ആരോഗ്യ കേന്ദ്രങ്ങൾ. കൗൺസലിംഗ് ഉൾപ്പെടെ ഡോക്ടർമാരുടെ സേവനങ്ങളും ഇവിടെ സൗജന്യമായി ലഭ്യമാണ്. ജില്ലകളിലെ തെരഞ്ഞെടുത്ത ആരോഗ്യസ്ഥാപനങ്ങളുടെ ഭാഗമായി ഈ കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.



# മറ്റ് ആരോഗ്യ പദ്ധതികൾ

## ശ്വാസ് ക്ലിനിക്ക്

ശ്വാസകോശ സംബന്ധമായ രോഗങ്ങൾ സ്പൈറോമെട്രി പരിശോധനയിലൂടെ നേരത്തെ കണ്ടെത്തി ചികിത്സ നൽകുകയും ആവശ്യമുള്ളവർക്ക് തുടർസേവനങ്ങൾ നൽകുകയും ചെയ്യുന്ന ശ്വാസ ക്ലിനിക്ക് സംസ്ഥാനത്തെ എല്ലാ കുടുംബാരോഗ്യകേന്ദ്രങ്ങളിലും പ്രവർത്തിച്ചുവരുന്നു.





## ആശ്വാസ് ക്ലിനിക്ക്

മാനസിക ബുദ്ധിമുട്ടുകളും പ്രയാസങ്ങളും അനുഭവിക്കുന്ന ആളുകൾക്കായി കുടുംബാരോഗ്യകേന്ദ്രങ്ങളിൽ ആശ്വാസ് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. വിഷാദരോഗവും ഇതര മാനസിക ബുദ്ധിമുട്ടുകളും ഉള്ളവർക്ക് പരിശീലനം ലഭിച്ച നഴ്സിംഗ് ഓഫീസർമാർ കൌൺസലിംഗ് നൽകുന്നു

## ഭൂമിക

സ്ത്രീകൾ, ട്രാൻസ്ജെൻഡർ വ്യക്തികൾ ഉൾപ്പെടെയുള്ള എല്ലാ ആളുകൾക്കുമെതിരെയുള്ള അതിക്രമങ്ങൾ തടയാനും, അവർക്ക് സൗജന്യ വൈദ്യസഹായവും, കൗൺസിലിംഗും കൂടാതെ നിയമസഹായവും ലഭ്യമാക്കുന്നതിനും വേണ്ടി പ്രവർത്തിക്കുന്ന കേന്ദ്രങ്ങളാണ് ഭൂമിക. സംസ്ഥാനത്തെ എല്ലാ ജില്ലാ ആശുപത്രികളിലും ഭൂമിക കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. .



## ഇടം



ആരോഗ്യ കേന്ദ്രങ്ങൾ ക്വീർ സൗഹൃദമാക്കുന്നതിനും എൽജിബിടിക്യുഐഎ വിഭാഗങ്ങൾക്കും ആരോഗ്യസേവനലഭ്യത ഉറപ്പാക്കുന്നതിനും നടത്തുന്ന ക്യാംപയിൻ ആണ് ഇടം ആരോഗ്യ ബോധവൽക്കരണ ക്യാമ്പയിൻ. സൗഹൃദ ആരോഗ്യസ്ഥാപനങ്ങൾ മാറ്റുന്നതിന്റെ ഭാഗമായി, കോഴിക്കോട് തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം ജില്ലയിലെ തെരഞ്ഞെടുത്ത ആരോഗ്യ കേന്ദ്രങ്ങളിൽ ട്രാൻസ്ജെൻഡർ ലിങ്ക് വർക്കർമാരെ നിയമിച്ചിട്ടുണ്ട്.ഘട്ടംഘട്ടമായി എല്ലാ ജിലകളിലും ഈ പ്രവർത്തനം വിപുലീകരിച്ചുവരുന്നു.

## ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്ക്

സംസ്ഥാനത്തെ എല്ലാ ആരോഗ്യ കേന്ദ്രങ്ങളിലും ജീവിതശൈലി രോഗനിയന്ത്രണ ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. ആഴ്ചയിൽ 6 ദിവസം കുടുംബാരോഗ്യ കേന്ദ്രങ്ങളിലും എല്ലാ വ്യാഴാഴ്ചയും ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലും ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു.

പ്രമേഹം, രക്താതിമർദ്ദം തുടങ്ങിയവയുടെ പരിശോധന, ചികിത്സ, തുടർചികിത്സ എന്നിവയാണ് ഇവിടെ നടക്കുക.

ക്ലിനിക്കുകളിൽ രോഗം നിയന്ത്രണത്തിലാണെന്ന് ഉറപ്പുവരുത്തുന്നതോടൊപ്പം വൃക്ക, കണ്ണ്, ഹൃദയം, പാദം തുടങ്ങിയ അവയവങ്ങളെ രോഗം ബാധിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുകകൂടി ചെയ്യുന്നു. ശരിരായ ഭക്ഷണരീതി, വ്യായാമ ശീലങ്ങൾ എന്നിവ ജനകീയ ആരോഗ്യ കേന്ദ്രങ്ങളിലെ ഹെൽത്ത് ക്ലബുകൾ വഴി ജനകീയ പങ്കാളിത്തത്തോടെ നടപ്പിലാക്കി വരികയാണ് സർക്കാർ.



## ശൈലി




30 വയസ്സ് കഴിഞ്ഞ എല്ലാ ആളുകളിലും ജീവിതശൈലി രോഗം നേരത്തെ കണ്ടുപിടിക്കുന്നതിനും, ചികിത്സ ഉറപ്പാക്കുന്നതിനും വേണ്ടി മൊബൈൽ അധിഷ്ഠിതമായി നടപ്പിലാക്കി വരുന്ന പരിപാടിയാണ് ശൈലീ. ഇതിനായി നിങ്ങളുടെ അടുത്തുള്ള ആശ പ്രവർത്തകർ വീടുകളിലെത്തി 30 വയസ്സ് കഴിഞ്ഞ എല്ലാ ആളുകളെയും പരിശോധിക്കുകയും മൊബൈൽ ആപ്പുപയോഗിച്ച് ശൈലി പ്രോഗ്രാമിന്റെ ഭാഗമാക്കുകയും ചെയ്യുന്നു. പരിശോധന നടത്തി, രോഗം കണ്ടുപിടിക്കുന്ന ആളുകൾക്ക് സൗജന്യ ചികിത്സ തൊട്ടടുത്ത ആരോഗ്യകേന്ദ്രം വഴി നൽകുകയും ചെയ്യുന്നു. ബോധവൽക്കരണവും, ചികിത്സയും ഇതിന്റെ ഭാഗമായി നടത്തി വരുന്നു.

## ദേശീയ ക്ഷയരോഗ നിയന്ത്രണ പദ്ധതി:

ദേശീയ ക്ഷയ രോഗ നിർമ്മാർജ്ജന പരിപാടിയുടെ ഭാഗമായി ക്ഷയ രോഗ പരിശോധനയും, നിർണ്ണയവും, ചികിത്സയും സൗജന്യമായി എല്ലാ സർക്കാർ ആശുപത്രികളിലും തിരഞ്ഞെടുക്കപ്പെട്ട സ്വകാര്യ ആശുപത്രികളിലും ലഭ്യമാണ്.

ക്ഷയരോഗവുമായി ബന്ധപ്പെട്ടുള്ള കൂടുതൽ വിവരങ്ങളും അന്വേഷണങ്ങൾക്കുമായി നാഷണൽ ഹെൽപ്പ് ഡെസ്കിന്റെ ടോൾ ഫ്രീ നമ്പർ: 1800 11 6666 ഉപയോഗപ്പെടുത്താവുന്നതാണ്.

'നിക്ഷയ് പോഷൻ യോജന', യിലൂടെ എല്ലാ ക്ഷയരോഗികൾക്കും പോഷകാഹാരം ഉറപ്പാക്കുന്നു. ഇതിനായി കേന്ദ്രസർക്കാർ എല്ലാ ക്ഷയരോഗികൾക്കും പ്രതിമാസം 500 രൂപ സാമ്പത്തിക സഹായം നൽകുന്നു. ആധാറുമായി ബന്ധിപ്പിച്ച ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് ഈ ധനസഹായം വിതരണം ചെയ്യുന്നു. കൂടുതൽ വിവരങ്ങൾക്ക് നിങ്ങളുടെ അടുത്തുള്ള ആരോഗ്യകേന്ദ്രവുമായി ബന്ധപ്പെടുക.



## ഇ സഞ്ജീവനി സ്പെഷ്യലിറ്റി കോർണർ



ആശുപത്രിയിൽ പോകാതെ തന്നെ ഡോക്ടറുടെ സേവനം ഓൺലൈൻ വഴി സൗജന്യമായി എല്ലാവർക്കും ലഭ്യമാക്കുന്നതിനായി ആരംഭിച്ച പദ്ധതിയാണ് ഇസഞ്ജീവനി. ജെനറൽ മെഡിസിൻ, ശിശുരോഗം, ഗർഭകാല ചികിത്സകൾ, ത്വക്ക്രോഗം, സാംക്രമിക രോഗങ്ങൾ, അസ്ഥി രോഗങ്ങൾ, ശസ്ത്രക്രിയ വിഭാഗം, മാനസിക ആരോഗ്യ വിഭാഗം, കൗൺസിലിംഗ്, സാന്ത്വന പരിചരണം, ഫിസിയോതെറാപ്പി തുടങ്ങി 40ൽ പരം സ്പെഷ്യലിസ്റ്റ് സേവനങ്ങൾ ഇതിന്റെ ഭാഗമായി ലഭ്യമാണ്. സേവനങ്ങൾ പകൽ സമയങ്ങളിലും, ജനറൽ ഓ.പി.ഡി സേവനം 24 മണിക്കൂറും ഇസഞ്ജീവനിയിലൂടെ സൗജന്യമായി ലഭിക്കുന്നു.

വിദഗ്ദ്ധ ചികിത്സ, തുടർചികിത്സ, സംശയനിവാരണം, എന്നിവയ്ക്ക് മെഡിക്കൽ കോളേജിലോ ജനറൽ ആശുപത്രികളിലോ രോഗികൾ നേരിട്ട് പോകാതെ ആരോഗ്യകേന്ദ്രങ്ങളിൽ നിന്ന് ഓൺലൈനായി കൺസൾട്ടേഷൻ സൗകര്യം നൽകുന്ന ഡോക്ടർ ടു ഡോക്ടർ സേവനവും ഇതിന്റെ ഭാഗമായി നടത്തുന്നു.

e-sanjeevani.opd സൈറ്റ് വഴിയോ, ഇസഞ്ജീവനി മൊബൈൽ അപ്ലിക്കേഷൻ വഴിയോ ഇസഞ്ജീവനി സേവനങ്ങൾ ഉപയോഗപ്പെടുത്താം.



## ആരോഗ്യ ഇൻഷുറൻസ്

കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP) എന്നത് ആരോഗ്യ പരിരക്ഷാ പദ്ധതിയാണ്. ഇതിലൂടെ കേരളത്തിലെ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ള 42 ലക്ഷത്തിലധികം വരുന്ന ദരിദ്രരും ദുർബലരുമായ കുടുംബങ്ങൾക്ക് (ഏകദേശം 64 ലക്ഷം ഗുണഭോക്താക്കൾ) സെക്കൻഡറി, ടെർഷ്യറി കെയർ, എന്നിവയ്ക്കായി ഒരു കുടുംബത്തിന് പ്രതിവർഷം 5 ലക്ഷം രൂപ വരെയുള്ള കവറേജ് ലഭിക്കും. നിലവിലുണ്ടായിരുന്ന

R.S.B.Y, CHIS തുടങ്ങിയ വിവിധ സർക്കാരുകൾ നൽകുന്ന എല്ലാ ആരോഗ്യസുരക്ഷാ പദ്ധതികൾ ലയിപ്പിച്ചാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

24 മണിക്കൂറിൽ കൂടുതലുള്ള ആശുപത്രി കിടത്തി ചികിത്സകൾക്ക് പണം ഒന്നും അടയ്ക്കാതെ ചികിത്സയും, മരുന്നുകൾ, പരിശോധനകൾ എന്നിവയ്ക്ക് ആനുകൂല്യവും ലഭിക്കും.

ആശുപത്രിയിൽ ചികിത്സക്കെത്തുമ്പോൾ ഇൻഷുറൻസ് കാർഡ്, റേഷൻ കാർഡ്, ആധാർ കാർഡ് എന്നിവയുടെ പകർപ്പ് കൈയിൽ കരുതേണ്ടതും രജിസ്റ്റർ ചെയ്തിരിക്കുന്ന മൊബൈൽ നമ്പർ ആശുപത്രി കൌണ്ടറിൽ നൽകേണ്ടതുണ്ട്.

## പാലിയേറ്റീവ് പരിചരണം

കിടപ്പിലായവർക്കും, ദീർഘകാല രോഗങ്ങൾ മൂലം പ്രയാസപ്പെടുന്നവർക്കും വീടുകളിൽ എത്തി പരിചരണം നൽകുകയും മാനസ്സിക പിന്തുണ ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി നടപ്പിലാക്കുന്ന പരിപാടിയാണ് പാലിയേറ്റീവ് കെയർ പ്രോഗ്രാം. ഈ സേവനം ആവശ്യമുള്ള ആളുകൾക്ക് അതാതു പ്രദേശത്തെ ആശാപ്രവർത്തക/ വാർഡ് മെമ്പർ എന്നിവരെയോ അല്ലെങ്കിൽ, പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നേരിട്ടോ അറിയിച്ചു സൗജന്യ സേവനം ലഭ്യമാക്കാം. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ നിന്നും പരിശീലനം ലഭിച്ച കമ്മ്യൂണിറ്റി നഴ്സ് ഭവനസന്ദർശനം നടത്തി രോഗികൾക്ക് പരിചരണം നൽകും. സംസ്ഥാനത്തെ എല്ലാ ആരോഗ്യകേന്ദ്രങ്ങൾ കേന്ദ്രീകരിച്ചും പാലിയേറ്റീവ് പരിചരണ വിഭാഗം പ്രവർത്തിക്കുന്നു.



ഭവനകേന്ദ്രീകൃത പരിചരണത്തോടൊപ്പം ആവശ്യമെങ്കിൽ പരിചരണ സാമഗ്രികളും മരുന്നും ലഭ്യതയ്ക്കനുസരിച്ചു വിതരണം ചെയ്യും. വിദഗ്ദ്ധപരിചരണം ആവശ്യമുള്ള രോഗികൾക്ക് ഡോക്ടർ, നഴ്സ്, ഫിസിയോതെറാപിസ്റ്റ് എന്നിവരുടെ സേവനം ബ്ലോക്ക് /താലൂക്ക് /ജനറൽ ആശുപത്രികളിൽ പ്രവർത്തിക്കുന്ന സെക്കന്ററി പാലിയേറ്റിവ് കെയർ യൂണിറ്റുകളിൽ നിന്നും ലഭ്യമാക്കുന്നു. പാലിയേറ്റിവ് കെയർ പരിചരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാൻ താല്പര്യമുള്ള ആളുകൾക്ക് പാലിയേറ്റിവ് കെയർ യൂണിറ്റുകൾ വഴി ശാസ്ത്രീയ പരിശീലനം നൽകി വരുന്നു.



## മാനസികാരോഗ്യ പദ്ധതി


മാനസികാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സൗജന്യ ടെലി കൗൺസിലിംഗ് സേവനമാണ് ടെലി മനസ്. ആവശ്യമെങ്കിൽ വിദഗ്ദ്ധരുടെ സേവനവും നേരിട്ടുള്ള സേവനങ്ങളും ഇതിന്റെ ഭാഗമായി നൽകിവരുന്നു. മാനസികാരോഗ്യ പരിപാടിയുടെ ഭാഗമായാണ് ഈ സേവനങ്ങൾ നൽകി വരുന്നത്. പൊതുജനങ്ങൾക്ക് ടോൾഫ്രീ നമ്പറായ 14416 ൽ കൌൺസിലർമാരുമായും ആവശ്യമെങ്കിൽ മനശ്ശാസ്ത്ര വിദഗ്ദ്ധരുമായും ബന്ധപ്പെടാവുന്നതാണ്..

## ദേശീയ വൈറൽ ഹെപ്പറ്റൈറ്റിസ് നിയന്ത്രണ പരിപാടി

വൈറൽ ഹെപ്പറ്റൈറ്റിസ് പ്രതിരോധവും നിയന്ത്രണവും ഉറപ്പാക്കുന്നതിനായി നടപ്പിലാക്കുന്ന പരിപാടിയാണ് എൻവിഎച്ച്സിപി. സൗജന്യ രോഗനിർണയത്തിലൂടെയും ചികിത്സയിലൂടെയും ബോധവൽക്കരണത്തിലൂടെയും വൈറൽ ഹെപ്പറ്റൈറ്റിസ് പൂർണ്ണമായും നിയന്ത്രിക്കുകയാണ് ഈ പരിപാടിയിലൂടെ ലക്ഷ്യം വെക്കുന്നത്. ഇതിന്റെ ഭാഗമായുള്ള വൈറൽ ഹെപ്പറ്റൈറ്റിസ് മാതൃകാ ചികിത്സാ കേന്ദ്രങ്ങൾ കോഴിക്കോട്, തൃശൂർ, തിരുവനന്തപുരം മെഡിക്കൽ കോളേജുകളിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ എല്ലാ ജില്ലകളിലുമായി 29 വൈറൽ ഹെപ്പറ്റൈറ്റിസ് ചികിത്സാ കേന്ദ്രങ്ങളും പ്രവർത്തിച്ചു വരുന്നു.

ചികിത്സാ കേന്ദ്രങ്ങളെക്കുറിച്ചുള്ള കൂടുതൽ വിശദാംശങ്ങൾ ലഭിക്കാൻ കോഡ് സ്കാൻ ചെയ്യുക





# ദേശീയ പേവിഷ ബാധാ പ്രതിരോധ പദ്ധതി


പ്രാഥമികാരോഗ്യകേന്ദ്ര തലം മുതൽ പേവിഷബാധാ പ്രതിരോധ ചികിത്സ ലഭ്യമാക്കുകയും ആശുപത്രിയിൽ എത്തുന്നതിന് മുൻപ് ചെയ്യേണ്ട പ്രാഥമിക ശുശ്രൂഷ അടക്കമുള്ള വിഷയങ്ങളിൽ ബോധവത്കരണം നടത്തുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കി വരുന്ന പരിപാടിയാണ് ദേശീയ പേവിഷ ബാധാ പ്രതിരോധ പരിപാടി.

മൃഗങ്ങളുടെ കടിയോ പോറലോ ഏറ്റാൽ ഉടൻ തന്നെ ആരോഗ്യ കേന്ദ്രത്തിലെത്തി പേവിഷബാധാ പ്രതിരോധ വാക്സിൻ സ്വീകരിക്കേണ്ടതാണ്. തിരഞ്ഞെടുത്ത കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിലും ജില്ലാ ജനറൽ ആശുപത്രികളിലും, മെഡിക്കൽ കോളേജുകളിലും ആശുപത്രികളിലും പേവിഷ ബാധാ പ്രതിരോധ കുത്തി വയ്പ്പ് ലഭ്യമാണ്. ആന്റി റാബിസ് വാക്സിൻ ലഭ്യമാകുന്ന ആരോഗ്യസ്ഥാപനങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ അറിയാൻ സ്കാൻ ചെയ്യുക

# മൊബൈൽ മെഡിക്കൽ യൂണിറ്റ് (എം.എം.യു)

ആദിവാസി, തീരദേശ മേഖലകളിൽ ജീവിക്കുന്നവർക്കും, യാത്രാ സൗകര്യങ്ങൾ കുറവുള്ള സ്ഥലങ്ങൾ, പൊതു ആരോഗ്യ സ്ഥാപനങ്ങൾ കുറവുള്ള പ്രദേശങ്ങൾ എന്നിവിടങ്ങളിൽ താമസിക്കുന്ന ആളുകൾക്കും ആരോഗ്യസംരക്ഷണം ഉറപ്പാക്കുന്നതിനായി ആരംഭിച്ച പരിപാടിയാണ് മൊബൈൽ മെഡിക്കൽ യൂണിറ്റ്. ആവശ്യക്കാർക്ക് വാതിൽപ്പടിയിലേക്ക് ആരോഗ്യ സംരക്ഷണം ലഭ്യമാക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ഇവർക്ക് വിവിധ ആരോഗ്യ സേവനങ്ങൾ വാതിൽപ്പടിയിൽ എത്തിച്ചു നൽകുന്നതാണ് മൊബൈൽ മെഡിക്കൽ യൂണിറ്റിന്റെ പ്രധാന പ്രവർത്തനം





# ദിശ (ഡയറക്ട് ഇൻറർവെൻഷൻ സിസ്റ്റം ഫോർ ഹെൽത്ത് അവേർനസ്)

ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട സംശയങ്ങൾ, വിവിധ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ, ടെലി കൗൺസിലിംഗ് തുടങ്ങി വിവിധ സേവനങ്ങളെക്കുറിച്ചു പൊതുജനങ്ങൾക്ക് കൃത്യമായി അറിയുന്നതിനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന സൗജന്യ ടെലി ഹെൽപ്പ് ലൈനാണ് ദിശ. കേരളത്തിലേയും ലക്ഷദ്വീപിലേയും പൊതുജനങ്ങൾക്ക് 24 മണിക്കൂർ പ്രവർത്തിക്കുന്ന ദിശ കാൾസെന്റർ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. 1056 (ടോൾ ഫ്രീ) / 104 എന്നീ നമ്പർ വഴി ദിശയിൽ ബന്ധപ്പെടാം. കൂടാതെ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഹെൽപ്പ് ലൈൻ നമ്പറും ((14555 (ടോൾ ഫ്രീ)) DISHAയുമായി ബന്ധിപ്പിച്ചിട്ടുണ്ട്. ടെലി കൗൺസിലിംഗ്, ഡയൽ എ ഡോക്ടർ, ലിംഗാധിഷ്ഠിത അക്രമ റിപ്പോർട്ടിംഗ് കേന്ദ്രം, ആശുപത്രി സംബന്ധമായ വിവരങ്ങളും പരാതികളും റിപ്പോർട്ടു ചെയ്യൽ, ഹൃദ്യം പദ്ധതിയുമായി ബന്ധപ്പെട്ട അന്വേഷണങ്ങൾ, ആരോഗ്യ പദ്ധതികളും പ്രോഗ്രാമുകളുമായി ബന്ധപ്പെട്ട വിവരങ്ങൾ, സാംക്രമിക രോഗങ്ങൾ അല്ലെങ്കിൽ പകർച്ചവ്യാധി റിപ്പോർട്ടിംഗ് കേന്ദ്രം തുടങ്ങി പ്രധാന സേവനങ്ങൾ ദിശയിൽ ലഭിക്കും. കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി കാരുണ്യ ബനവലന്റ് ഫണ്ട് ബന്ധപ്പെട്ട വിവരങ്ങളും സാങ്കേതിക വിദ്യയുടെ സഹായത്തോടെ ജനങ്ങൾക്ക് ആരോഗ്യസേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്ന ഇസഞ്ജീവനി ടെലി കൺസൾട്ടേഷനും (24 മണിക്കൂറും) ദിശയിലൂടെ ലഭിക്കും.

NATIONAL HEALTH MISSION
ആരോഗ്യ കേരളം

DEPARTMENT OF HEALTH SERVICES
KERALA

സത്യമേവ ജയതേ
GOVERNMENT OF KERALA

കേരളീയം
Keraleeyam